# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)


**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ 60 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ടാങ്ക് റോഡ്
പുളിമൂട്, തിരുവനന്തപുരം - 695 001


പുസ്തകം 4 ലക്കം 36 ▸▸ തിരുവനന്തപുരം ◂◂ 2013 ഏപ്രിൽ 16–30 www.alakal.net വില 2 രൂപ


## മത്സ്യതൊഴിലാളികളെ അധിക്ഷേപിക്കരുത്!

മത്സ്യതൊഴിലാളി സമൂഹത്തെ അധിക്ഷേപിക്കുന്ന പ്രവണത ഈ അടുത്തകാലത്തായി വർദ്ധിച്ചുവരുന്നത് ഇനിയും കണ്ടില്ലെന്ന് നടിക്കാനാവില്ല. മത്സ്യതൊഴിലാളികൾക്ക് അവരുടേതായ തനത് സംസ്ക്കാരമുണ്ട്. മീൻപിടിത്ത തൊഴിലിന്റെ മാഹാത്മ്യം ഉൾക്കൊള്ളുന്ന ഒരു സംസ്ക്കാരത്തിന്റെ ഉടമകളാണ് അവർ. അവർക്ക് അവരുടേതായ കലാസൃഷ്ടികളുമുണ്ട്. മലയാള അച്ചടിഭാഷ സാമാന്യം നന്നായി കൈകാര്യം ചെയ്യാൻ ശേഷിയുള്ളവരാണ് മീൻപിടിത്ത സമൂഹം. വിൽപ്പാട്ടും കോൽക്കളിയും ചവിട്ടുനാടകവും പരിചമുട്ടുകളിയും അമ്മാനപ്പാട്ടുമൊക്കെ അവരുടേതായ സൃഷ്ടികളാണ്. ഒന്നാന്തരം ഈണത്തിൽ വള്ളപ്പാട്ടുകൾ പാടിയാണ് അവർ വള്ളം കടലിലേക്കിറക്കുകയും വള്ളം തുഴയുകയും വല വലിച്ച് കയറ്റുകയും ചെയ്യുന്നത്. അവർക്കിടയിൽ ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ മുസൽമാനെന്നോ വേർതിരിവില്ല. മീൻപിടിത്തക്കാരെന്ന ഒറ്റ വർഗ്ഗമേ അവിടെയുള്ളൂ. അവരുടെ താളവും മേളവും ചിട്ടപ്പെടുത്തി അവയെ പരിപോഷിപ്പിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. ഇവയൊക്കെ വിസ്മരിച്ചുകൊണ്ടാണ് മീൻപിടിത്ത സമൂഹത്തെ അധിക്ഷേപിക്കുന്ന തരത്തിലുള്ള സിനിമയും സീരിയലുകളുമൊക്കെ ഈ അടുത്തിടെ പ്രത്യക്ഷപ്പെട്ടത്!

മലയാള ഭാഷ വലിച്ചുനീട്ടി സംസാരിക്കുന്ന രീതിയാണ് മത്സ്യതൊഴിലാളികളുടേതായി ഇപ്പോഴും സിനിമയിലും സീരിയലുകളിലും പ്രയോഗിച്ചുവരുന്നത്. പഴയ ചെമ്മീൻ സിനിമയുടെ ശൈലിയാണ് ഇപ്പോഴും തുടരുന്നത്. 'കടാപ്പുറം' എന്ന പ്രയോഗംതന്നെ കലാകാരന്റെ ഭാവനയിൽ ഉദിച്ചതാണ്. അത് മീൻപിടിത്തക്കാരുടെ പ്രയോഗമല്ല. ഇത്തരത്തിൽ വലിച്ചുനീട്ടിയുള്ള സംസാരരീതി ഒരു കടപ്പുറത്തും കാണാനാവില്ല. മത്സ്യതൊഴിലാളി സ്ത്രീകൾ പണ്ടുകാലം മുതൽക്കേ മാന്യമായി വസ്ത്രം ധരിക്കുന്നവരാണ്. ചോളി ബ്ലൗസ് ധരിച്ചാൽതന്നെ ഒരു തോർത്തുകൊണ്ട് മാറിടം മറയ്ക്കുകയാണ് പതിവ്. എന്നാൽ ചിലർ അതിന് വിപരീതമായാണ് സിനിമയിലും സീരിയലുകളിലും കടപ്പുറത്തെ സ്ത്രീകളെ ചിത്രീകരിക്കുന്നത്. ഈ സമീപനം മാറിയേ മതിയാവൂ.

മീൻപിടിത്ത സമൂഹത്തിന്റെ പച്ചയായ ജീവിതം ചിത്രീകരിക്കേണ്ടത് ഇന്നിന്റെ ആവശ്യംതന്നെയാണ്. കഥാപാത്ര സൃഷ്ടിയിൽ അവരെ അധിക്ഷേപിക്കുന്ന തരത്തിൽ മദ്യപാനിയായും ആഭാസനായും മോശം ജീവിതശൈലി തുടരുന്നവനായും ചിത്രീകരിക്കുന്ന പ്രവണത ഇനിയും തുടർന്നുകൂടാ.

വടക്കൻ കേരളത്തിൽ മത്സ്യബന്ധന മേഖലയിലെ തർക്കങ്ങൾ പരിഹരിക്കാൻ "കടൽകോടതികൾ" ഇപ്പോഴും സജ്ജീവമാണ്. മത്സ്യതൊഴിലാളി സമൂഹത്തിലെ കാരണവന്മാർ കടൽകോടതികൾ മുഖേന നീതി നടപ്പാക്കുന്നു എന്നതുതന്നെയാണ് അതിന്റെ പ്രത്യേകത. മത്സ്യതൊഴിലാളികളുടെ കടലറിവും പരമ്പരാഗത അറിവുമൊക്കെ എത്രയോ വിലമതിക്കേണ്ടതാണ്. കടലിലെ ഓരോ ചലനങ്ങളും കാലേകൂട്ടി മനസ്സിലാക്കി അതിനനുസൃതമായി മീൻപിടിത്ത രീതിയിൽപ്പോലും മാറ്റങ്ങൾ വരുത്താൻ മത്സ്യതൊഴിലാളികൾക്ക് കഴിയുന്നുണ്ട്. ശക്തമായ തിരയും കാറ്റും കോളും വകവയ്ക്കാതെ സാഹസികമായി മീൻപിടിത്തത്തിലേർപ്പെടുന്നവരുടെ പച്ചയായ ജീവിത കഥയാണ് ചിത്രീകരിക്കേണ്ടത്.

നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്കായി രാവും പകലും കടലിലും കടലോരത്തും നിലകൊള്ളുന്ന കാവൽഭടന്മാരാണ് മത്സ്യതൊഴിലാളി സമൂഹമെന്ന വസ്തുത ഏവരും തിരിച്ചറിയേണ്ടിയിരിക്കുന്നു. കള്ളകടത്തുകാർക്കും രാജ്യദ്രോഹികൾക്കും നമ്മുടെ രാജ്യത്ത് നുഴഞ്ഞുകയറാൻ ഒരുപരിധിവരെ കഴിയാത്തത് മത്സ്യതൊഴിലാളി സമൂഹത്തിന്റെകൂടി സംഭാവനയാണ്. ഏറ്റവും നല്ല പ്രോട്ടീൻ ആഹാരമായ മത്സ്യം കലർപ്പില്ലാതെ നാട്ടുകാർക്ക് എത്തിക്കുന്നവരാണ് അവർ. രാജ്യത്തിന് നല്ലൊരു ശതമാനം വിദേശനാണ്യം നേടിത്തരുന്നതിലും അവർ വലിയൊരു പങ്ക് വഹിക്കുന്നു. സ്വയംതൊഴിലിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്ന ഈ ജനവിഭാഗത്തെ മാന്യമായി സമൂഹമദ്ധ്യേ ഉയർത്തിക്കാട്ടുന്നതിന് പകരം അവരെ അധിക്ഷേപിക്കുന്നതരത്തിലുള്ള കലാസൃഷ്ടികൾ തുടരുന്നത് ആർക്കും അഭിലക്ഷണീയമല്ല. - അലകൾ

## മത്സ്യം വിഷമയമാക്കുന്നതാര്?

തിരുവനന്തപുരം: ഈ അടുത്തിടെ "മത്സ്യത്തിലും വിഷം" എന്ന തലക്കെട്ടിൽ ചില പത്രങ്ങളിൽ വാർത്ത പ്രത്യക്ഷപ്പെടുകയുണ്ടായി. കൊച്ചിയിലെ ഒരു ഗവേഷണ സ്ഥാപനം നടത്തിയ പഠനത്തെ ആസ്പദമാക്കിയാണ് വാർത്ത പരന്നത്. ആരാണ് മത്സ്യം വിഷമയമാക്കുന്നതെന്നുകൂടി വ്യക്തമാക്കണമായിരുന്നു. മത്സ്യം ഭക്ഷിക്കുന്ന ചിലരിലെങ്കിലും ഇത് ആശങ്കയ്ക്ക് ഇടയാക്കിയിരുന്നു. മത്സ്യതൊഴിലാളികളോ ചെറുകിട കച്ചവടക്കാരോ മത്സ്യത്തിൽ അമോണിയപോലുള്ള രാസപദാർത്ഥങ്ങൾ ചേർക്കാറില്ല. അതേസമയം അന്യസംസ്ഥാനങ്ങളിൽ നിന്നും ലോറിയിൽ കൊണ്ടുവരുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർക്കുന്നുണ്ടാകാം. നമ്മുടെ മത്സ്യമാർക്കറ്റുകളിൽ പരിശോധന നടത്തി ആളുകളിൽ ഭീതി പരത്തുകയല്ലേ വേണ്ടത്. ചെക്ക് പോസ്റ്റുകളിൽ കർശനമായ പരിശോധന നടത്തി, ഭക്ഷ്യയോഗ്യമായ മത്സ്യമാണെന്ന് ഉറപ്പ്‌വരുത്തിയ ശേഷം വാഹനങ്ങൾ കേരളത്തിലേക്ക് കടത്തിവിട്ടാൽ മാത്രം മതിയാകും. അതിനുള്ള തീരുമാനമാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ടത്.

## കടൽ നികത്തി കരയാക്കി വിൽക്കാനുള്ള നീക്കം ചെറുക്കും – ഫെഡറേഷൻ

തിരുവനന്തപുരം: കടൽ നികത്തി കരയാക്കി വാണിജ്യാവശ്യങ്ങൾക്ക് കൈമാറാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കം എന്തുവിലകൊടുത്തും തടയുമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി.പി. ജോൺ, നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ദേശീയ സെക്രട്ടറി ടി. പീറ്റർ എന്നിവർ പ്രസ്താവിച്ചു. ഒരിടത്ത് കടൽ നികത്തിയാൽ സമീപ പ്രദേശങ്ങളിൽ കടൽകയറ്റമുണ്ടായി, മത്സ്യതൊഴിലാളികളുടെ ഭവനങ്ങളും തെങ്ങുകളും നഷ്ടപ്പെടും. കടൽ നികത്തൽ കടലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകരാൻ ഇടയാക്കും. മീൻപിടിത്തത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളെ ഇത് പ്രതികൂലമായി ബാധിക്കും. കടൽ നികത്തി കരയാക്കി റിയൽ എസ്റ്റേറ്റുകാർക്ക് കൈമാറാൻ ശ്രമിച്ചാൽ മത്സ്യതൊഴിലാളികൾ ഒന്നടങ്കം പ്രക്ഷോഭത്തിനിറങ്ങേണ്ടിവരുമെന്ന് ഭാരവാഹികൾ മുന്നറിയിപ്പു നൽകി. പ്രാവർത്തികമാക്കാൻ കഴിയാത്ത ഈ പദ്ധതിയുടെ സാധ്യതാ പഠനം നടത്താൻ ഖജനാവിലെ പണം ചെലവഴിക്കരുതെന്ന് ഫെഡറേഷൻ ഭാരവാഹികൾ ആവശ്യപ്പെട്ടു.

ചരക്കുഗതാഗതത്തിന്റെ പേരിൽ തീരക്കടലിലൂടെയുള്ള കപ്പൽഗതാഗതം മത്സ്യബന്ധന മേഖലയിൽ വൻപ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നതിനാൽ ഈ ദൗത്യത്തിൽനിന്നും സർക്കാൻ പിൻമാറേണ്ടതാണ്. കേരളത്തിലെ തീരക്കടലിൽ ഉടനീളം വള്ളവും കട്ടമരവും ബോട്ടുമുപയോഗിച്ച് വല നീട്ടിയിടുകയാണ് പതിവ്. കപ്പലുകളുടെ തലങ്ങും വിലങ്ങുമുള്ള സഞ്ചാരം വലകൾ കീറിമുറിക്കാനും കടലിൽ അപകടങ്ങൾ ഉണ്ടാക്കാനും ഇടവരുത്തും. ഉപരിതല മത്സ്യബന്ധനത്തെ ഇത് പ്രതികൂലമായി ബാധിക്കും. 60 നോട്ടിക്കൽ മൈലിനപ്പുറത്തു കൂടി മാത്രമേ കപ്പൽ ഗതാഗതം അനുവദിക്കാവൂ എന്നതാണ് മത്സ്യത്തൊഴിലാളികളുടെ ഒന്നടങ്കമുള്ള ആവശ്യം. തീരക്കടലിലൂടെയുള്ള കപ്പൽ ഗതാഗതം ഒഴിവാക്കണമെന്ന് ടി. പീറ്റർ, പി.പി. ജോൺ എന്നിവർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

# വ്യവസായ വകുപ്പ് കൊക്കകോള കമ്പനിക്ക് നികുതിയിളവ് അനുവദിച്ചത് ബഹുരാഷ്ട്ര കുത്തകകളെ സംരക്ഷിക്കുന്നതിന് – പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി

പാലക്കാട് : കൊക്കകോള കമ്പനിക്ക് അനുവദിച്ച നികുതിയിളവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് പ്ലാച്ചിമട സമര-ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് നടത്തിയ മാർച്ച് പ്ലാച്ചിമട ഐക്യദാർഢ്യ സമിതി ചെയർമാൻ മുതലാംതോട് മണി ഉത്ഘാടനം ചെയ്തു. ജനദ്രോഹം ചെയ്തതിനാൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട കൊക്കകോള കമ്പനിക്ക് 5 കോടിയിലധികം രൂപ നികുതി ഇളവ് അനുവദിച്ചത് സർക്കാർ കോള കമ്പനിയെ സംരക്ഷിക്കുന്നതിനുള്ള തെളിവാണെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത മുതലാംതോട് മണി പറഞ്ഞു. ധനകാര്യ വകുപ്പിനും, ആഭ്യന്തര വകുപ്പിനുംകൂടി നൂറ് കോടിയിലധികം രൂപ സർക്കാരിന് കോള കമ്പനി നികുതിയായി നൽകേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനിക്കെതിരെ നടപടികൾ ഒന്നും എടുക്കാതെ, കമ്പനിക്കനുകൂലമായ തീരുമാനങ്ങളാണ് സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. ഇത് ജനവിരുദ്ധമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രതിഷേധ മാർച്ചിൽ പ്ലാച്ചിമട സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാലൻ അദ്ധ്യക്ഷത വഹിച്ചു.

പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി കൺവീനർ ആറുമുഖൻ പത്തിച്ചിറ പ്രതിഷേധ മാർച്ചിന് സ്വാഗതവും പ്ലാച്ചിമട സമരസമിതി കൺവീനർ കെ. ശക്തിവേൽ നന്ദിയും പറഞ്ഞു.

നികുതിയിളവ് പിൻവലിച്ചില്ലെങ്കിൽ ശക്തമായ ജനകീയ പ്രക്ഷോഭവും നിയമനടപടികളും കൈക്കൊള്ളുമെന്ന് യോഗം മുന്നറിയിപ്പ് നൽകി.

# കടൽ നികത്തി കര സൃഷ്ടിച്ച് കൈമാറാനുള്ള നീക്കം ഉപേക്ഷിക്കണം : 'കടൽ'

ആലപ്പുഴ : കേരളത്തിന്റെ തീരത്ത് കടൽ നികത്തി കര സൃഷ്ടിച്ച് വാണിജ്യാവശ്യങ്ങൾക്ക് കൈമാറാനുള്ള സർക്കാരിന്റെ നീക്കം ഉപേക്ഷിക്കണമെന്ന് 'കടൽ' ആവശ്യപ്പെട്ടു. കേരളത്തിലെ തീരദേശ-ഉൾനാടൻ മത്സ്യമേഖലയുടെയും മത്സ്യതൊഴിലാളികളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനത്തിനും പുരോഗതിക്കും ഉതകുന്ന നയരൂപീകരണത്തിനും കർമ്മപദ്ധതികളുടെ ആവിഷ്ക്കരണത്തിനും സർക്കാർ ഗൗരവപൂർവ്വം ഇടപെടണം. എന്നാൽ സർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്നതും മത്സ്യ ആവാസവ്യവസ്ഥയെ പാടെ തകർക്കുന്നവയുമാണ്. കടൽ വിമാനപദ്ധതി, ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തീരക്കടൽ കപ്പൽ ഗതാഗത പദ്ധതി എന്നിവ നടപ്പാക്കുന്നതിന് മുൻപായി തീരദേശവാസികൾ, മത്സ്യതൊഴിലാളികൾ, പരസ്ഥിതി പ്രവർത്തകർ എന്നിവരുമായി ചർച്ച നടത്തുകയും ആശങ്കകൾ ദൂരീകരിക്കുകയും വേണം, ആലപ്പുഴയിൽ നടന്ന കടലിന്റെ നിർവ്വാഹക സമിതിയോഗം ആവശ്യപ്പെട്ടു. തീരദേശ വികസനത്തിന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും തുകയും അപര്യാപ്തമാണ്. തീരദേശത്തിന്റെയും മത്സ്യതൊഴിലാളികളുടെയും സമഗ്രവികസനത്തിന് മത്സ്യവകുപ്പ് തയ്യാറാക്കി എന്ന് നിയമസഭയിൽ വ്യക്തമാക്കിയ 3000 കോടി രൂപയുടെ പദ്ധതി ഉടൻ നടപ്പിലാക്കണം.

ചെയർമാൻ ബിഷപ്പ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഫ്രാൻസിസ് സേവ്യർ, പ്ലാസിഡ് ഗ്രിഗറി, ഫാ. തോമസ് തറയിൽ, ജോസഫ് ജൂഡ്, ഫാ. സാബാസ് ഇഗ്നേഷ്യസ്, ടി. പീറ്റർ, ഫാ. മത്തിയാസ്, അഡ്വ പി.ജോ. മാത്യു എന്നിവർ പ്രസംഗിച്ചു.

## ചിന്ത

## അലകൾ!

കടലുള്ളിടത്ത് അലകൾ ഉണ്ടാകും. പുഴവക്കത്തും അലകൾ കാണാം. മത്സ്യങ്ങൾ അലകളെ ഇഷ്ടപ്പെടുന്നു. മത്സ്യതൊഴിലാളികളോ, അവരിലാകട്ടെ അലകൾ ആവേശത്തിന്റെ അലയൊലി സൃഷ്ടിക്കുന്നു. അലകളെ ആസ്പദമാക്കി കവികളും കലാകാരന്മാരും സൃഷ്ടികൾ നടത്തിയിട്ടുണ്ട്. "കിഴവനും കടലും" എന്ന വിശ്വോത്തര സാഹിത്യ സൃഷ്ടി. അലകളുടെ അച്ചിൽ വാർന്നുവീണ അക്ഷരമുത്തുകളാണ് അലകൾ. കലാമൂല്യമുള്ള, സാഹിത്യമൂല്യമുള്ള രചനകൾക്ക് പ്രചോദനമാകട്ടെ അലകൾ.

അലകളെ നന്ദി

എ.കെ. റഹിമാൻ, കൊടുങ്ങല്ലൂർ




കുടിയൊഴിപ്പിക്കലിനെതിരെ
മേധാ പട്ക്കർ മുംബൈയിൽ നടത്തിയ
നിരാഹാര സത്യാഗ്രഹത്തിന്റെ ദൃശ്യം



കൂടംകുളം ആണവനിലയത്തിനെതിരെ മത്സ്യതൊഴിലാളികൾ കടൽമാർഗ്ഗം ആണവനിലയത്തിലേക്ക് നടത്തിയ മാർച്ചിനെ ആണവവിരുദ്ധ സമര നേതാക്കളായ ഡോ. എസ്.പി. ഉദയകുമാർ, പുഷ്പരായൻ എന്നിവർ അഭിവാദ്യം ചെയ്യുന്നു.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com